# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1721 14.08.2017- ൽ മറുപടിയ്ക്ക്

## പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ഡി.പ്രസേനൻ | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരണം സംബന്ധിച്ച് സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത് എന്ന് വിശദമാക്കുമോ; | എ) തൊഴിൽ രഹിതരാകുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്.<br><br>ഈ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയിൻ കീഴിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

(മറുപുറം)

| | | | |
|---|---|---|---|
| ബി) | നിലവിൽ ഈ പദ്ധതിയിൽ എത്ര പ്രവാസികൾ അംഗങ്ങളായിട്ടുണ്ടെന്നും, ഈ പദ്ധതി പ്രകാരം എത്ര പേർക്ക് സഹായങ്ങൾ നല്കിയിട്ടുണ്ടെന്നും വിശദമാക്കുമോ ? | ബി) | ഈ പദ്ധതി പ്രകാരം ഏകദേശം 20000 ത്തിലധികം അപേക്ഷകൾ ലഭിച്ചു. ഈ പദ്ധതി പ്രകാരം 1565 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ